# പ്രവാസി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ

## ആർക്കൊക്കെ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ ചെയ്യാം ?

തൊഴിൽ നഷ്ടം സംഭവിച്ച മടങ്ങി വന്ന വിദ്ദേശ മലയാളികൾ (NRI Returnee), നിലവിൽ വിദ്ദേശത്ത് ജോലി ചെയുന്ന മലയാളികൾ (NRI), കേരളത്തിന് പുറത്ത് ജോലി ചെയുന്ന മലയാളികൾ (NRK), തൊഴിൽ നഷ്ടം സംഭവിച്ച മടങ്ങി വന്ന കേരളത്തിന് പുറത്ത് ജോലി ചെയുന്ന മലയാളികൾ (NRK Returnee) എന്നിവർക്ക് പ്രവാസികൾക്ക് മാത്രമായിട്ടുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുവാൻ സാധിക്കും.

- പ്രവാസിയുടെ ഭാര്യ, ഭർത്താവ് മറ്റ് ആശ്രിതർ എന്നിവർ മേൽ പറഞ്ഞ വിഭാഗത്തിൽ പെടുന്നപക്ഷം പ്രവാസി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നടത്താവുന്നതാണ് .
- പ്രവാസി രജിസ്ട്രേഷനുമായി ബന്ധപെട്ട അപ്‌ലോഡ് ചെയുന്ന രേഖകൾ എല്ലാം തന്നെ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## എങ്ങനെ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ ചെയ്യാം ?

'www.pravasi.employment.kerala.gov.in' എന്ന വെബ് അഡ്രസ്സിലൂടെ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വെബ്സൈറ്റിൽ പ്രവേശിക്കാവുന്നതാണ് .

↓

തുടർന്ന് പുതുതായി രജിസ്റ്റർ ചെയുവാൻ ആഗ്രഹിക്കുന്നവർ 'തൊഴിൽ അന്വേഷകരുടെ രജിസ്ട്രേഷൻ'/'Register as Jobseeker' എന്ന ഓപ്ഷൻ ഉപയോഗിക്കുക.

↓

പ്രവാസി രജിസ്ട്രേഷൻ നടത്തുന്നതിനായി ആദ്യമായി ഒരു യൂസർ ഐഡി / ലോഗിൻ ID ഉണ്ടാക്കേണ്ടതാണ്.

അതിനായി തൊഴിലന്വേഷകരുടെ രജിസ്ട്രേഷനിൽ നിങ്ങൾ ഏത് വിഭാഗത്തിൽ പെടുന്നുവെന്ന് തിരഞ്ഞെടുക്കുക

1. നാളിതുവരെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ചെയ്യാത്തവർ.

2. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിൽ ഉള്ളവർ

നിലവിൽ <u>**എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ഇല്ലാത്തവർക്ക്**</u> പുതിയതായി യൂസർ ഐഡി ഉണ്ടാക്കാവുന്നതാണ്.

നിലവിൽ <u>**എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ഉള്ളവർക്ക്**</u> എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ വിവരങ്ങൾ നൽകി യൂസർ ഐഡി ഉണ്ടാക്കാവുന്നതാണ്.

യൂസർ ഐഡി ക്രിയേഷൻ കഴിഞ്ഞാൽ ലോഗിൻ ചെയ്യാവുന്നതും, തുടർന്ന് വരുന്ന ഡാഷ്ബോർഡിൽ ഉള്ള പ്രകാരം വിവരങ്ങൾ നൽകി പ്രവാസി രജിസ്ട്രേഷൻ നടത്താവുന്നതുമാണ്.

പ്രവാസി രജിസ്ട്രേഷൻ നടത്തുമ്പോൾ ഓരോ ഡാഷബോർഡിലും ബന്ധപ്പെട്ട സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യേണ്ടതാണ്. ആവശ്യമുള്ള വിവരങ്ങൾ നൽകി രജിസ്ട്രേഷൻ കൺഫേം ചെയ്ത് കഴിഞ്ഞാൽ പ്രൊവിഷണൽ രജിസ്ട്രേഷൻ നമ്പർ ലഭിക്കുന്നതാണ്. തുടർന്ന് എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്നതാണ്. ഓൺലൈനായി തന്നെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.

## <u>പ്രവാസി രജിസ്ട്രേഷനുമായി ബന്ധപെട്ടു അപ്ലോഡ് ചെയ്യാവുന്ന അംഗീകൃത രേഖകൾ</u>

1. <u>പേഴ്സണൽ രേഖകൾ നൽകുമ്പോൾ അഡ്രസ്സ് പ്രൂഫ്-ആയി നൽകാവുന്ന അംഗീകൃത രേഖകൾ</u>

- Electors Photo Identity Card (Registrant or Registrant's Parents / Spouse)
- Driving License
- Residential Certificate from Revenue Authorities
- Passport
- Copy of the Electoral Roll
- Nativity Certificate from Village Officer
- Non-Creamy Layer certificate from Tahasildar
- School/College Certificates
- ID Card issued to Physically Challenged from Social Welfare Department
- Certificate from Superintendent of Orphanage/Mahilamandiram/After Care Home which are receiving grant-in-aid from the Government
- Proof of Job in the State (within the jurisdiction of the Employment Exchange) of the Parents/Spouse
- Certificate from the Superintendent of Sree Chithra Home that the Candidate is an inmate there
- Discharge certificate of Ex-Serviceman (for Dependent)
- Aadhaar Card

2. <u>പ്രവാസി പ്രൂഫ്-ആയി നൽകാവുന്ന അംഗീകൃത രേഖകൾ</u>

- Passport
- Job Visa
- Iqama
- Other Documents (like - Present Employment details certified by Employer (for NRK) /Experience certificate (NRK returnee) etc.)

**<u>രജിസ്ട്രേഷൻ പുതുക്കൽ/റിവൈവൽ:</u>**

പ്രവാസി രജിസ്ട്രേഷൻ 5 വർഷത്തിലൊരിക്കൽ പുതുക്കൽ നടത്തേണ്ടതാണ്. ഹോം പേജിലെ "റിന്യൂവൽ" ഓപ്ഷൻ ഉപയോഗിച്ച് പുതുക്കൽ നടത്താവുന്നതാണ്. ഈ കാലയളവിൽ പുതുക്കൽ നടത്തിയിട്ടിലാത്ത രജിസ്ട്രേഷനുകൾ ഡോർമൻസിയിലേയക്ക് മാറ്റപ്പെട്ടുകയും, തുടർന്നും രജിസ്ട്രേഷൻ ആവശ്യമുള്ളപക്ഷം ഹോം പേജിലുള്ള "റിവൈവ്" ഓപ്ഷൻ ഉപയോഗിച്ച് രജിസ്ട്രേഷൻ റിവൈവ് ചെയ്യാവുന്നതാണ്.